(ബി) ഇവയിൽ ഏതിനൊക്കെ ധനസഹായം ലഭ്യമാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ ;

(സി) ഈ കാലയളവിൽ കപ്പാർട്ട് മുഖേന സംസ്ഥാനത്ത് എത്ര തുകയുടെ സഹായം ലഭിച്ചിട്ടുണ്ട് എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) പാഡ് (കെ) മുഖേന കാസർഗോഡ് ജില്ലയിലെ സന്നദ്ധ സംഘടനകൾ ധനസഹായത്തിനായി പദ്ധതികൾ സമർപ്പിച്ചിട്ടില്ല. സന്നദ്ധസംഘടനകൾക്ക് കപ്പാർട്ടിന് നേരിട്ട് പദ്ധതികൾ സമർപ്പിക്കാവുന്നതാണ്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) കപ്പാർട്ടിൽ നിന്ന് സന്നദ്ധ സംഘടനകൾക്ക് നേരിട്ട് സഹായം നൽകുന്നതിനാൽ ഇത് സംബന്ധിച്ച വിവരങ്ങൾ പൂർണ്ണമായി ലഭ്യമല്ല.

ഹരിയാലി പദ്ധതി

169 [1889] ശ്രീ. സാജുപോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിയാലി എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ എറണാകുളം ജില്ലയിലെ ഏതെല്ലാം ബ്ലോക്കുകളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് ഹരിയാലി പദ്ധതി പ്രകാരം അനുവദിച്ച തുകയും വേലകളുടെ എണ്ണവും ജില്ല തിരിച്ച് അറിയിക്കുമോ ;

(സി) കൂവ്വപ്പടി ബ്ലോക്കിൽ ഹരിയാലി പദ്ധതിയിൽ ഏതൊക്കെ ജോലികൾ ഉൾപ്പെടുത്തി എന്നും ഓരോന്നിനും വേണ്ടി വരുന്ന തുക എത്രയെന്നും അറിയിക്കുമോ ;

(ഡി) കൂവ്വപ്പടി ബ്ലോക്ക് പഞ്ചായത്തിൽ ഹരിയാലി പദ്ധതി നടപ്പാക്കുന്നതിന്റെ പുരോഗതി വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഹരിയാലി പദ്ധതിയിൽ അംഗീകാരം കിട്ടുന്നതിനുവേണ്ടി എറണാകുളം ജില്ലയിലെ വാഴക്കുളം, കൂവ്വപ്പടി എന്നീ 2 ബ്ലോക്കുകൾക്കായുള്ള പദ്ധതി നിർദ്ദേശം ഗവൺമെന്റ് പരിശോധിക്കുകയും കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുവാൻ തീരുമാനമാകുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി)

നമ്പർ	ജില്ല	അനുവദിച്ച തുക (ലക്ഷം)	പദ്ധതികളുടെ എണ്ണം
1	മലപ്പുറം	300.00	1
2	പാലക്കാട്	300.00	1
3	ഇടുക്കി	300.00	1

(സി) & (ഡി) കുറ്റ്യാടി ബ്ലോക്കിനായി മണ്ണു-ജല സംരക്ഷണം, ജലസേചനം, നീർത്തട വികസനം എന്നിവയ്ക്കുവേണ്ടി തയ്യാറാക്കിയ 838.75 ലക്ഷം രൂപ അടങ്കൽ വരുന്ന ഒരു പദ്ധതി നിർദ്ദേശം കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

കേന്ദ്രാവിഷ്കൃത പദ്ധതി

170 [1890] ശ്രീ. ടി. വി. ചന്ദ്രമോഹൻ :

" ജോർജ്ജ് ജെ. മാത്യു :

" ഇ. എം. അഗസ്തി :

ശ്രീമതി രാധാരാഘവൻ :

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം എന്തെല്ലാം വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള സ്കീമുകളും, പ്രോജക്ടുകളും സംസ്ഥാന ഖാദിബോർഡ് കേന്ദ്രത്തിന്റെ അംഗീകാരത്തിനായി അയച്ചിട്ടുണ്ട് ;

(ബി) എന്നാണ് ഇവ കേന്ദ്രത്തിനയച്ചത് ;

(സി) ഇവയ്ക്കുവേണ്ടി എന്തു തുകയുടെ സഹായമാണ് കേന്ദ്രത്തിൽ നിന്നോ, ഖാദി കമ്മീഷനിൽ നിന്നോ; പ്രതീക്ഷിക്കുന്നത് ;

ഉത്തരം

(എ-സി) കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം പ്രത്യേക പദ്ധതികളൊന്നും കേന്ദ്രത്തിന്റെ അംഗീകാരത്തിനായി ബോർഡ് സമർപ്പിച്ചിട്ടില്ല. എന്നാൽ ഖാദി നെയ്ത്തിനുവേണ്ടിയുള്ള ഒരു പ്രത്യേക പ്രോജക്ട് ഗവൺമെന്റിനു സമർപ്പിക്കുവാൻ തയ്യാറാക്കിവരികയാണ്.

രജിസ്ട്രേഷൻ വകുപ്പിലെ കമ്പ്യൂട്ടർവത്ക്കരണം

171 [1891] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രജിസ്ട്രേഷൻ വകുപ്പിലെ കമ്പ്യൂട്ടർവത്ക്കരണം ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly